# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1870 06.02.2019-ന് മറുപടിയ്ക്ക്

## ഹിന്ദു-നാടാർ വിഭാഗത്തിനുള്ള സംവരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. വിൻസെന്റ് :** | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) G.O.(P)No.1/2015/BCDD ഉത്തരവനുസരിച്ച് ഹിന്ദു നാടാർ വിഭാഗത്തിനെ എസ്.ഇ.ബി.സി.യിലെ 3% സംവരണത്തിനുള്ള പിന്നാക്ക ഹിന്ദു (ബി.എച്ച്.) എന്ന ഉപവിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ഉത്തരവാണോ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കുള്ള അഡ്മിഷന് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) അതെ. |
| (സി) പ്രസ്തുത ഉത്തരവ് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള അഡ്മിഷന് ബാധകമാക്കുന്നതെന്ന് കാണിച്ച് 6.9.18 ലെ CMO 1804529, 15.12.18 ലെ CMO 1807595 എന്നീ പരാതികൾ മുഖ്യമന്ത്രിക്ക് നൽകിയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ; പ്രസ്തുത വിഷയത്തിന്മേൽ അനുകൂല നടപടി കൈക്കൊള്ളുവാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ ; | (സി) ലഭ്യമായ പരാതി സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) 2018 ലെ നീറ്റ് മുഖേനയുള്ള അഡ്മിഷനുകൾക്ക് ഹിന്ദു-നാടാർ വിഭാഗത്തിന് എത്ര ശതമാനം സംവരണമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ; | (ഡി) 2018 ലെ നീറ്റ് മുഖേനയുള്ള അഡ്മിഷനുകൾക്ക് ഹിന്ദു-നാടാർ വിഭാഗത്തിന് ഒ.ബി.എച്ച്. എന്ന നിലയിൽ 3% സംവരണമാണ് അനുവദിച്ചിട്ടുള്ളത്. |

(.....2)

| | | | |
|---|---|---|---|
| (ഇ) | പി.എസ്.സി.യിൽ 100 ഉദ്യോഗാർത്ഥി കളെ നിയമിക്കുമ്പോൾ അറുപതാമത്തെ ഊഴം ഹിന്ദു നാടാർ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ളതുപോലെ നീറ്റ് മുഖേനയുള്ള അഡ്മിഷനുകൾക്കും ചെയ്യാൻ തടസ്സം എന്താണെന്ന് വിശദ മാക്കാമോ ; | (ഇ) യും (എഫ്) ഉം | പി.എസ്.സി വഴി ഉദ്യോഗ നിയമനം നടത്തു ന്നതു പോലെ സാമുദായിക സംവരണം മാത്രമല്ല പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിന് കണക്കാക്കുന്നത്. വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ വ്യത്യസ്ത നിരക്കിലാണ് സംവരണ ശതമാനം. സാമുദായിക സംവരണത്തിന് പുറമെ സർവ്വീസ് ക്വാട്ടാ സംവരണം, മത്സ്യത്തൊഴി ലാളികൾ, കർഷകർ തുടങ്ങിയവരുടെ മക്കൾക്ക് പ്രത്യേക സംവരണം, സ്ഥലപര മായ സംവരണം (ലക്ഷദ്വീപ്, കാശ്മീർ) എന്നിങ്ങനെയാണ് വിദ്യാഭ്യാസ സംവരണം. |
| (എഫ്) | തടസ്സം ഉണ്ടെങ്കിൽ അത് പരിഹരിക്ക വാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ